"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാന്തല്ലൂർ വില്ലേജിൽ പട്ടിശ്ശേരി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന സ്വന്തമായി ഭൂമിയോ ഭവനമോ ഇല്ലാത്ത 7 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി 30.40 ആർ വസ്തു പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി ടി ഭൂമിയിൽ നിന്നും 5 സെന്റ് ഭൂമി വീതം പതിച്ചു നൽകുന്നതിന് നിർദ്ദേശം നൽകികൊണ്ടുള്ള ജില്ലാ കളക്ടറുടെ നടപടി -സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(എ) വകുപ്പ്

സ.ഉ.(സാധാ) നം.2891/2024/RD തീയതി,തിരുവനന്തപുരം, 04-12-2024

പരാമർശം:-

1. ഇടുക്കി ജില്ലാ കളക്ടറുടെ 11.09.2022 ലെ DCIDK/8067/2018-C9 നമ്പർ നടപടിക്രമം.
2. ഇടുക്കി ജില്ലാ കളക്ടറുടെ 03.09.2024 ലെ DCIDK/8067/2018-C9 നമ്പർ കത്ത്.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 01.10.2024 ലെ LR/2151/2022-LR(J1) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടിശ്ശേരി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിന്റെ അധീനതയിൽ ഉള്ളതും കാന്തല്ലൂർ വില്ലേജിൽ ബ്ലോക്ക് 56 ൽ സർവ്വെ 59 ൽ പ്പെട്ട 29.53 ഹെക്ടർ വസ്തുവിലുള്ള 12 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിനായി അനുവാദം നൽകണമെന്ന് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. തുടർന്ന് പട്ടിശ്ശേരി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ഭൂരഹിതർക്ക് 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ടോയെന്ന് ഉറപ്പ് വരുത്തി വന ഭൂമി അല്ലാത്തതും പരിസ്ഥിതി ലോല പ്രദേശങ്ങളല്ലാത്തതുമായ പതിവിന് അനുയോജ്യമായ ഭൂമി പതിവ് ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി പതിച്ച് നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ല കളക്ടർക്ക് തന്നെ സ്വീകരിക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പട്ടിശ്ശേരി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട മാറ്റി പാർപ്പിക്കുന്ന ടി 12 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനു ധനസഹായം നൽകുന്നതിനായി 46,00,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും, ഭൂമി സംബന്ധിച്ച് വിവരം ദേവികുളം തഹസിൽദാറിൽ നിന്നും ലഭ്യമാകുന്ന മുറക്ക് മാറ്റി പാർപ്പിക്കേണ്ട ആളുകൾക്ക് ജലസേചന വകുപ്പ് നേരിട്ട് ധനസഹായം അനുവദിക്കുന്നതാണെന്നും, ടി പദ്ധതിയുടെ നിർമ്മാണം തടസപ്പെടാതിരിക്കാൻ മാറ്റി പാർപ്പിക്കേണ്ട കുടുംബങ്ങൾക്ക് പകരം ഭൂമി നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി

സ്വീകരിക്കണമെന്നും പാമ്പാർ പ്രൊജക്ട് എക്സിക്യൂട്ടീവ് എൻജിനീയർ ഇടുക്കി ജില്ലാ കളക്ടറെ അറിയിച്ചിരുന്ന സാഹചര്യത്തിൽ സർക്കാർ സാധൂകരണത്തിനു വിധേയമായി പരാമർശം (1) നടപടിക്രമം പ്രകാരം കാന്തല്ലൂർ വില്ലേജിൽ പട്ടിശ്ശേരി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന സ്വന്തമായി ഭൂമിയോ ഭവനമോ ഇല്ലാത്ത 7 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി കാന്തല്ലൂർ വില്ലേജിലെ ബ്ലോക്ക് 56 ൽ റീസർവ്വെ നമ്പർ 105/7 ൽ ഉൾപ്പെട്ടു വരുന്നതും ബി.റ്റി.ആർ പ്രകാരം തരിശ് ആയി രേഖപ്പെടുത്തിയിട്ടുള്ളതും സീറോ ലാൻഡ് ലെസ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടയം നൽകുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതും നാളിതുവരെ ആർക്കും പതിച്ചു നൽകിയിട്ടില്ലാത്തതുമായ 30.40 ആർ വസ്തു പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതും പ്രസ്തുത ഭൂമിയിൽ നിന്നും 5 സെന്റ് ഭൂമി വീതം പതിച്ച് നൽകുന്നതിന് ദേവികുളം തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നതും ടി കക്ഷികൾ പട്ടയം കൈപ്പറ്റിയിട്ടുള്ളതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. പട്ടിശ്ശേരി ഡാം നിർമ്മാണത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് സ്വന്തമായി വേറെ സ്ഥലമോ ഭവനമോ ഇല്ലാത്തതിനാൽ ടിയാളുകളെ പുനരധിവസിപ്പിയ്ക്കേണ്ടത് അത്യാവശ്യമാകയാലും ടിയാളുകൾ ഉൾപ്പെടെയുള്ളവർക്ക് വാസഗൃഹം നിർമ്മിക്കുന്നതിനായി സർക്കാർ തുക അനുവദിച്ചിട്ടുള്ളതിനാലും ആയത് വീണ്ടും ചെലവഴിക്കപ്പെടാതിരിയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമാണ് ഇടുക്കി ജില്ലാ കളക്ടർ നടപടിക്രമം പുറപ്പെടുവിച്ചിരിയ്ക്കുന്നത് എന്ന സാഹചര്യത്തിൽ പരാമർശം (1) പ്രകാരം പട്ടിശ്ശേരി ഡാം നിർമ്മാണത്തിനു വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ഭൂരഹിതരായ 7 കുടുംബങ്ങൾക്ക് കാന്തല്ലൂർ വില്ലേജിൽ ബ്ളോക്ക് നം 56-ൽ റീസർവ്വെ നം 105/7-ൽ ഉൾപ്പെട്ട 35 സെന്റ് ഭൂമിയിൽ നിന്നും 5 സെന്റ് ഭൂമി വീതം പതിച്ചു നൽകിയ ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്നേഹലത കെ
ജോയിന്റ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്),തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ (എ2/155/2022)

ഉത്തരവിൻ പ്രകാരം
Signed by
Suresh Kumar K
Date: 04-12-2024 15:28:40
സെക്ഷൻ ഓഫീസർ